11
മേയ് 2018
വെള്ളി

മലയാള മനോരമ
ESTABLISHED 1888

തിരുവനന്തപുരം
24 പേജ്
₹ 6.50

# പ്ളസ് ടു ഫലം : നഗരം തിളങ്ങി

തിരുവനന്തപുരം ● ഹയർ സെക്കൻഡറി പരീക്ഷയിൽ മിന്നുന്ന പ്രകടനം കാഴ്ച വച്ചു നഗരത്തിലെ മിടുക്കർ. ജില്ലയിൽ 12 പേർക്കാണ് മുഴുവൻ വിഷയങ്ങൾക്കും മുഴുവൻ മാർക്കും ലഭിച്ചത്. ഇതിൽ ഏഴു പേർ നഗരത്തിലെ സ്കൂളുകളിൽ പഠിച്ചവർ.

ജഗതി ബധിര വിദ്യാലയം, ശ്രീകാര്യം കട്ടേല അംബേദ്കർ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂൾ, ക്രൈസ്റ്റ് നഗർ ഇംഗ്ലിഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂൾ, ഹോളി എയ്ഞ്ചൽസ് കോൺവെന്റ് സ്കൂൾ, നാലാഞ്ചിറ സർവോദയ വിദ്യാലയ, കാർമൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, ചിൻമയ വിദ്യാലയ എന്നി സ്കൂളുകൾ പരീക്ഷയെഴുതിയ എല്ലാ വിദ്യാർഥികളെയും വിജയിപ്പിച്ച് മിന്നും പ്രകടനം കാഴ്ചവച്ചു.

സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തിയതിന്റെ ക്രെഡിറ്റും തലസ്ഥാന നഗരത്തിനു സ്വന്തം. 834 പേർ പരീക്ഷയെഴുതിയ പട്ടം സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ 94.60 % വിജയം കരസ്ഥമാക്കി.

തിരുവനന്തപുരം
2018 മേയ് 11 വെള്ളി
മെട്രോ



മുഴുവൻ കുട്ടികളും വിജയിച്ച നാലാഞ്ചിറ സർവോദയ വിദ്യാലയത്തിലെ ആഹ്ളാദം

11
മേയ് 2018 വെള്ളി

മാതൃഭൂമി
MATHRUBHUMI
THE NATIONAL DAILY
IN MALAYALAM

പ്ലസ്ടു ഫലം

# നഗരത്തിലെ സ്കൂളുകൾക്ക് വിജയത്തിളക്കം

**തിരുവനന്തപുരം ▸** പ്ലസ്ടു പരീക്ഷയിൽ നഗരത്തിലെ ഏഴ് സ്കൂളുകൾക്ക് നൂറുശതമാനം വിജയം.

പരീക്ഷയെഴുതിയ 306 വിദ്യാർഥികളെയും വിജയിപ്പിച്ച കാർമൽ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് മികച്ച വിജയം. അഞ്ചു കുട്ടികൾക്ക് മുഴുവൻ മാർക്കും 109 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടി.

266 വിദ്യാർഥികളാണ് ഹോളി ഏയ്ഞ്ചൽസ് കോൺവെൻറിൽനിന്നു വിജയിച്ചത്. ക്രൈസ്റ്റ്നഗർ ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്ന് 177 പേർ വിജയിച്ചു. 14 വിദ്യാർഥികൾ എല്ലാ വിഷയങ്ങളിലും എപ്ലസ് നേടി.

കട്ടേല ഡോ. എ.എം.എം.ആർ. സ്കൂളിലെ 71 വിദ്യാർഥികളും നാലാഞ്ചിറ സർവോദയ വിദ്യാലയത്തിൽ പരീക്ഷയെഴുതിയ 50 വിദ്യാർഥികളും വഴുതക്കാട് ചിന്മയ വിദ്യാലയത്തിലെ 80 വിദ്യാർഥികളും വിജയിച്ചു.

ജഗതി ബധിരമൂക വിദ്യാലയത്തിലെ ഒൻപതു വിദ്യാർഥികളും വിജയിച്ചു.

WEBSITE deepika.com
FACEBOOK DeepikaNewspaper
TWITTER @deepika_news
MAIL deepika@deepika.com
Printed at Kottayam
Thrissur • Kannur • Kochi
Thiruvananthapuram
Kozhikode

# ദീപിക

THE FIRST MALAYALAM DAILY ESTD. 1887

11
2018 മേയ്
വെള്ളി
1193 മേടം 28
തിരുവനന്തപുരം
പേജ് 14 • വില 6.50


പേജ് 13

## നൂറു മേനിയുടെ തിളക്കത്തിൽ എട്ടു സ്കൂളുകൾ

**തിരുവനന്തപുരം:** ഹയർ സെക്കൻഡറി പരീക്ഷ എഴുതിയ എല്ലാവരും വിജയിച്ച് ജില്ലയിൽ നൂറുമേനി തിളക്കം സ്വന്തമാക്കിയത് എട്ടു സ്കൂളുകൾ.

വഴുതക്കാട് കാർമൽ ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ പരീക്ഷ എഴുതിയ 306 വിദ്യാർഥികളും മികച്ച വിജയത്തിന് ഉടമകളായി.

തിരുവനന്തപുരം ഹോളി ഏഞ്ചൽസ് കോൺവന്റ് എച്ച്എസസിലെ 266 വിദ്യാർഥികളും വിജയം സ്വന്തമാക്കി. ക്രൈസ്റ്റ് നഗർ സ്കൂളിൽ പരീക്ഷ എഴുതിയ 177 വിദ്യാർഥികളും വിജയം സ്വന്തമാക്കി സ്കൂളിനു നൂറുമേനി സമ്മാനിച്ചു.

നാലാഞ്ചിറ സർവോദയ സ്കൂളിൽ പരീക്ഷ എഴുതിയ 50 പേരും വിജയത്തിളക്കത്തിന് അർഹരായി. ജഗതി ബധിര വിദ്യാലയത്തിൽ പരീക്ഷ എഴുതിയ ഒമ്പത് പേരും വിജയിച്ചു. കട്ടേലയിൽ ഡോ. അംബേദ്കർ മെമ്മോറിയൽ എച്ച്എസ്എസിലെ 71 പേരും വിജയിച്ചപ്പോൾ ചിൻമയ എച്ച്എസ്എസ് വഴുതക്കാട്ടെ 80 വിദ്യാർഥികളും വിജയത്തിന്റെ മധുരം നുകർന്നു.

ഗവ. വിഎച്ച്എസ്എസ് പാറശാലയിൽ പരീക്ഷയ്ക്കിരുന്ന 119 വിദ്യാർഥികളും വിജയിച്ചപ്പോൾ സർക്കാർ സ്കൂളിന് അത് അഭിമാനമായി.

11
മേയ് 2018 വെള്ളി
1193 മേടം 28
തിരുവനന്തപുരം

# കേരളകൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A
107 വർഷങ്ങൾ
4 തലമുറകൾ
16 പേജ് ₹ 6.50

## സർവോദയയ്ക്ക് നൂറുമേനി

തിരുവനന്തപുരം: നാലാഞ്ചിറ സർവോദയ വിദ്യാലയത്തിന് പ്ലസ് ടു പരീക്ഷയിൽ വിജയത്തിളക്കം. പരീക്ഷ എഴുതിയ മുഴുവൻ കുട്ടികളും വിജയിച്ചു. അഖിൽ ചന്ദ്രൻ 98 % മാർക്ക് നേടി സ്കൂളിൽ ഒന്നാമതായി.

11 May Friday

# ദേശാഭിമാനി

## നൂറുശതമാനം ജയവുമായി എട്ട് വിദ്യാലയം

സ്വന്തം ലേഖകൻ

**തിരുവനന്തപുരം**

ഹയർ സെക്കൻഡറിയിൽ ജില്ലയിൽ നൂറുമേനി കൊയ്ത് എട്ട് വിദ്യാലയം.

ഗവ. വിഎച്ച്എസ് ജഗതി ബധിരവിദ്യാലയത്തിൽ പരീക്ഷ എഴുതിയ ഒമ്പതുപേരും ഡോ. അംബേദ്കർ മെമ്മോറിയൽ എച്ച്എസ്എസ് കട്ടേല- 71, ക്രൈസ്റ്റ് നഗർ ഇഎം എച്ച്എസ്എസ് തിരുവനന്തപുരം- 177, സർവോദയവിദ്യാലയ എച്ച്എസ്എസ് നാലാഞ്ചിറ- 50, കാർമൽ ഗേൾസ് എച്ച്എസ്എസ് വഴുതക്കാട്- 306, ചിന്മയ എച്ച്എസ്എസ് വഴുതക്കാട്- 80, ഗവ. വിഎച്ച്എസ്എസ് പാറശാല- 119, ഹോളി ഏഞ്ചൽസ് കോൺവന്റ് എച്ച്എസ് തിരുവനന്തപുരം- 266 എന്നിങ്ങനെ പരീക്ഷ എഴുതിയ എല്ലാ വിദ്യാർഥികളും വിജയിച്ചു.

THIRUVANANTHAPURAM

# Thiruvananthapuram schools post good results

STAFF REPORTER

THIRUVANANTHAPURAM, MAY 11, 2018 07:34 IST
UPDATED: MAY 11, 2018 08:05 IST

**81.91% of students who appeared for Plus Two exams eligible for higher studies**

City schools put up a good show in the higher secondary Plus Two examinations the results of which were declared here on Thursday.

Government VHSS for the Deaf, Jagathy; Christ Nagar English Medium Higher Secondary School; Holy Angels Convent HSS; Sarvodaya Vidyalaya HSS, Nalanchira; Carmel Girls HSS, Vazhuthacaud; Chinmaya HSS, Vazhuthacaud; and Dr. AMMR HSS, Kattela, Sreekaryam; had 100% results.